കൊളാബ്രേഷൻ&മെസ്സേജിംഗ് സേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു രേഖയെ വിശ്വാസയോഗ്യമാക്കുവാൻ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ആ രേഖയെ ഡിജിറ്റൽ ഒപ്പ് ചെയ്യുവാൻ സാധിക്കും. ഇതുവഴി ഫയൽ തീർപ്പാക്കൽ നടപടികൾ വേഗത്തിലാകുന്നതാണ്. അടുത്ത ഘട്ടത്തിൽ ഡയറക്ടറേറ്റിലും സബ്ഡിവിഷൻ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യം പരിശോധിക്കുന്നതിന് കമ്മിറ്റി

1 (1865) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യം പരിശോധിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും ജനപ്രതിനിധികളടങ്ങിയ എന്തെങ്കിലും കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ രൂപീകരണം എന്നായിരുന്നുവെന്നും ആരെല്ലാമാണ് ഇതിൽ അംഗങ്ങളെന്നും വ്യക്തമാക്കുമോ ;

(സി) ഇത് എത്ര പ്രാവശ്യം, ഏതെല്ലാം തീയതികളിൽ യോഗം ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-7-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 83/2010/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഉന്നതാധികാര സമിതി രൂപീകരിക്കുകയുണ്ടായി. ടി ഉന്നതാധികാര സമിതി 20-8-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 85/2011/പ.ജ.പ.വ.വി.വ ഉത്തരവുപ്രകാരം പുനഃസംഘടിപ്പിച്ചു. പ്രസ്തുത ഉന്നതാധികാര സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്. മുഖ്യമന്ത്രി ചെയർമാനും പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും ടൂറിസവും വകുപ്പുമന്ത്രി വൈസ് ചെയർമാനും എം.എൽ.എ.-മാരായ സർവ്വശ്രീ കെ. അച്ചുതൻ, എ. റ്റി. ജോർജ്, ഡൊമിനിക് പ്രസന്റേഷൻ, റ്റി. എൻ. പ്രതാപൻ, എ. പി. അബ്ദുള്ളക്കുട്ടി, സി. പി. മുഹമ്മദ്, ഹൈബി ഈഡൻ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, കെ. എം. ഷാജി, എ.എ. അസീസ്, കെ. കെ. ജയചന്ദ്രൻ, കെ. രാജു., ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

(പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ), ജോയിന്റ് സെക്രട്ടറി പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ്, സെക്രട്ടറി (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് എന്നിവർ അംഗങ്ങളുമാണ്.

(സി) പ്രസ്തുത ഉന്നതാധികാര സമിതി ഇതുവരെ യോഗം ചേർന്നിട്ടില്ല ആദ്യയോഗം 12-1-2015 തിങ്കളാഴ്ച 10 മണിക്ക് കൂടുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ സാമ്പത്തിക സഹായം**

2 (1866) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ സാമ്പത്തിക സഹായം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും എന്ത് തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാസർഗോഡ് ജില്ലയിൽ 16315 പേർക്ക് 18,01,13,810 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി**

3 (1867) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly